# ദൈവം ദഹിപ്പിക്കുന്ന അഗ്നി

**എബ്രായർ 12:29**

**"നമ്മുടെ ദൈവം ദഹിപ്പിക്കുന്ന അഗ്നിയല്ലോ"**

എബ്രായ ലേഖനം അദ്ധ്യായം 12 ന്റെ അവസാന ഭാഗത്തേക്ക് കടന്നു വരുമ്പോൾ അവിടെ വാക്യം 28 ൽ ഇപ്രകാരം വായിക്കുന്നു, "ആകയാൽ ഇളകാത്ത രാജ്യം പ്രാപിക്കുന്നതു കൊണ്ടു നാം നന്ദിയുള്ളവരായി ദൈവത്തിന്നു പ്രസാദം വരുമാറു ഭക്തിയോടും ഭയത്തോടും കൂടെ സേവ ചെയ്ക." അതെ നാം നമ്മുടെ ജീവിതത്തിൽ ഈ ദൈവത്തോട് നന്ദിയുള്ളവരായി ദൈവപ്രസാദത്തിനായി ദൈവത്തെ ഭയഭക്തിയോടും അവന്റെ പ്രവൃത്തികളെ ചൊല്ലി വിസ്മയത്തോടും അവനെ ആരാധിക്കണം, കാരണം അവൻ ദഹിപ്പിക്കുന്ന അഗ്നിയാണ്.

ആർക്കാണ് അവൻ ദഹിപ്പിക്കുന്ന അഗ്നിയായിരിക്കുന്നത്. ക്രിസ്തുവിനെ കർത്താവും രക്ഷിതാവുമായി തങ്ങളുടെ ജീവിതത്തിൽ സ്വീകരിച്ചിട്ടില്ലാത്ത, അല്ലെങ്കിൽ സ്വീകരിക്കാൻ മനസ്സില്ലാത്തവർക്ക് അവൻ ദഹിപ്പിക്കുന്ന അഗ്നിയാണ്. എന്നാൽ അവനെ സ്വീകരിക്കുന്നവർ എപ്രകാരമായിരിക്കും എന്ന് റോമർ 8:17 ൽ പറയുന്നു, "നാം മക്കൾ എങ്കിലോ അവകാശികളും ക്രിസ്തുവിന്നു കൂട്ടവകാശികളും തന്നേ." അങ്ങനെയുള്ളവരെ ഏതു വലിയ അഗ്നികുണ്ഡത്തിൽ വീണാലും ഒരു പൊള്ളലുപോലും ഏൽക്കാതെ രക്ഷിപ്പാൻ കഴിവുള്ളവനാണ് നമ്മുടെ ദൈവം. ഇങ്ങനെ അവന്റെ സ്നേഹം അനുഭവിച്ച നാം ഓരോരുത്തർക്കും അവനെ അബ്ബാ പിതാവേ എന്നു വിളിക്കാനുള്ള അവകാശം അവൻ തന്നിരിക്കുന്നു. ആയതിനാൽ അവനെ അങ്ങനെ വിളിക്കുക വഴി ഈ ദൈവത്തിന്റെ പരിശുദ്ധതയും നീതിയും മറ്റുള്ളവർക്ക് മനസ്സിലാക്കിക്കൊടുക്കുവാൻ നാം ബാധ്യസ്ഥരാണ്. അതുകൊണ്ട് അവന്നു തക്ക ഭയഭക്തിയും ആദരവും നാം കൊടുക്കേണ്ടത് ആവശ്യമാണ്.

ഇന്നു ലോകത്തിലേക്കും, ലോക സംഭവങ്ങളിലേക്കും നോക്കിക്കഴിഞ്ഞാൽ നമുക്കു കാണാൻ സാധിക്കും അവിശ്വാസ സമൂഹം എപ്രകാരം ദൈവത്തെ നിന്ദിച്ചും, പരിഹസിച്ചും കഴിയുന്നു എന്ന്. തികച്ചും ഗൗരവമില്ലത്ത ഒരു ചിന്താഗതിയുമായാണ് ഇന്നത്തെ ലോകസമൂഹം ജീവിച്ചു പോകുന്നത്. കർത്താവിന്റെ രണ്ടാം വരവും ലോകാവസാനവും അതിലേക്കു നമ്മെ നയിക്കുന്ന ദൈവവചന നിവൃത്തികളൊക്കെയും കാണുമ്പോൾ വളരെ ലാഘവത്തോടുകൂടി, അലക്ഷ്യമായ രീതിയിൽ അതിനെയൊക്കെ തള്ളിക്കളയുന്ന ഒരു ജനസമൂഹമാണ് ഇന്നു നമുക്കു ചുറ്റുമുള്ളത്. എന്നാൽ നാം ഒരു

കാര്യം മറന്നു പോകരുത്. ദൈവം കരുണയും ദയയും ഉള്ള ദൈവമാണ്. ആരും നശിച്ചുപോകാതെ ഏവരും രക്ഷ പ്രാപിക്കേണം എന്നുള്ള ആഗ്രഹത്താൽ കർത്താവിന്റെ രണ്ടാം വരവിന്നു താമസം എന്നു വിചാരിക്കുന്നതേ ഉള്ളൂ. എന്നിരുന്നാലും അവന്റെ സമയം ഒരു കള്ളനെപോല വരികയാൽ നാം ഉണർന്നിരുന്ന് പ്രാർത്ഥിക്കേണ്ടതിന്റെ ആവശ്യകത ഏറിവന്നിരിക്കുന്നു. അവന്റെ കൃപാകാലത്തിന്നു ഒരു അവസാനം വരുത്തുവാൻ അവന്നു നിമിഷ നേരം മാത്രം മതി, കാരണം അവൻ ദഹിപ്പിക്കുന്ന അഗ്നിയാണ്.

ആ സമയം ക്രിസ്തുവിനെ സ്വീകരിക്കാതെ കഴിയുന്ന ഓരോരുത്തരെയും അവൻ നിത്യ നരകം എന്ന തീപ്പൊയ്കയിലേക്ക് തള്ളിയിടും. അങ്ങനെ അവന്റെ ദഹിപ്പിക്കുന്ന അഗ്നിയുടെ ചൂടറിയാൻ അവർ ഇടയായിത്തീരും. അന്നാളിൽ വാസ്തവമായി ക്രിസ്തു ദൈവപുത്രനായിരുന്നു എന്നുള്ള സത്യം അവർ മനസ്സിലാക്കും. എന്നാൽ അവനിൽ വിശ്വസിക്കാൻ ഇനി ഒരവസരം ലഭിക്കാതെവണ്ണം അവർ നിത്യമായ നരകത്തിന്റെ അവസ്ഥയിൽ ആയിരിക്കും.

പ്രിയ ദൈവജനമേ തെറ്റിപ്പോകാവുന്നതും വഴുതിവീഴാവുന്നതുമായ അവസ്ഥയിൽ പാപപങ്കിലമായ ഈ ലോകത്തിൽ ആയിരിക്കുമ്പോൾ ഈ വചനം ധ്യാനിച്ച് ദഹിപ്പിക്കുന്ന അഗ്നിയായ ദൈവത്തിന്റെ സാന്നിദ്ധ്യം അനുഭവിപ്പാനും, ആ അഗ്നിയുടെ ചൂട് നമ്മെ നിത്യം ആത്മാവിൽ ജ്വലിച്ച് നിത്യമായ ജീവൻ നിലനിർത്തേണ്ടതിന്നു പോരാടുവാൻ ഒരുക്കുന്നതിന്നുമായി ദൈവത്തോട് പ്രാർത്ഥിക്കാം. ദൈവത്തിന്റെ പരിശുദ്ധാത്മാവ് അതിനു നമ്മെ സഹായിക്കുമാറാകട്ടെ.

**പരാമർശം :**

**നെഹമ്യാവു 9:18**

'അനുസരിപ്പാൻ അവർക്കു മനസ്സില്ലാതിരുന്നു; നീ അവരിൽ ചെയ്ത അത്ഭുതങ്ങളെ അവർ ഓർക്കാതെ ദുശ്ശാഠ്യം കാണിച്ചു തങ്ങളുടെ അടിമപ്പാടിലേക്കു മടങ്ങിപ്പോകത്തക്കവണ്ണം തങ്ങളുടെ മത്സരത്തിൽ ഒരു തലവനെ നിയമിച്ചു; നീയോ ക്ഷമിപ്പാൻ ഒരുക്കവും കൃപയും കരുണയും ദീർഘക്ഷമയും ദയാസമൃദ്ധിയും ഉള്ള ദൈവം ആകയാൽ അവരെ കൈവിട്ടുകളഞ്ഞില്ല.''

ബ്രദർ ബിനു ബേബി ആലപ്പുഴ 030